പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

# (2016-2019)

## പത്തൊമ്പതാമത് റിപ്പോർട്ട്

**(കുട്ടനാട്ടിലെ പ്രളയനാശനഷ്ടങ്ങളും അനന്തര പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട്)**

(2018 ഡിസംബർ മാസം 11-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## പത്തൊമ്പതാമത് റിപ്പോർട്ട്

(കുട്ടനാട്ടിലെ പ്രളയനാശനഷ്ടങ്ങളും അനന്തരപ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട്)

15/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019)

**ഘടന**

**അദ്ധ്യക്ഷൻ :**

ശ്രീ. എസ്. ശർമ്മ.

**അംഗങ്ങൾ :**

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

2018-ലെ മഹാപ്രളയത്തിൽ കുട്ടനാട്ടിൽ സംഭവിച്ച നാശനഷ്ടങ്ങളും പ്രളയാനന്തര പ്രവർത്തനങ്ങളും സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ മാസം 10-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2018 ഡിസംബർ 10.

# റിപ്പോർട്ട്

2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലുണ്ടായ പ്രകൃതിയുടെ സംഹാരതാണ്ഡവം കേരളത്തിന് കനത്ത ആഘാതമേൽപ്പിച്ചിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലമായി പെയ്ത അസാധാരണമഴയിലും തുടർന്നുണ്ടായ പ്രളയത്തിലും കേരളത്തിലാകെ വൻനാശനഷ്ടമാണുണ്ടായത്. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷമുള്ള ഏറ്റവും വലുതും സമാനതകളില്ലാത്തതുമായ പ്രകൃതിക്ഷോഭത്തിനാണ് നാം സാക്ഷ്യം വഹിച്ചത്. ജീവനാശത്തിനുപുറമേ വൻതോതിലുള്ള കൃഷിനാശത്തിനും ഇടയാക്കിയ പ്രളയം കേരളത്തിന്റെ ഭൗതിക-കാർഷിക-സാമ്പത്തിക ഘടനയുടെ സന്തുലിതാവസ്ഥയെ സാരമായി ബാധിച്ചു.

2. ദൈവത്തിന്റെ സ്വന്തം നാട്ടിലെ ഏറ്റവും പ്രകൃതിരമണീയമായ സ്ഥലങ്ങളിലൊന്നാണ് കുട്ടനാട്. കേരളത്തിലെ ഹോളണ്ട് എന്നറിയപ്പെടുന്ന കുട്ടനാട് സമുദ്രനിരപ്പിൽ നിന്ന് 0.6 മുതൽ 2.2 മീറ്റർ വരെ താഴ്ന്ന പ്രദേശമാണ്. നദികളും കനാലുകളും ബണ്ടുകളും നാഡീഞരമ്പുകൾപോലെ കുട്ടനാട്ടിൽ സർവ്വസാധാരണമാണ്. പ്രധാനമായും കൃഷിയെ ആശ്രയിച്ചാണ് കുട്ടനാട്ടിലെ ജനങ്ങൾ ജീവസന്ധാരണം നടത്തുന്നത്. അതിനാൽത്തന്നെ അവിടെയുണ്ടായ വെള്ളപ്പൊക്കം ജനജീവിതത്തെ എത്രമാത്രം ബാധിച്ചിട്ടുണ്ടാകുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

3. ഈ സാഹചര്യത്തിലാണ് അസാധാരണമായ പ്രകൃതിക്ഷോഭത്തിനും വിവരണാതീതമായ നാശനഷ്ടങ്ങൾക്കും ഇരയായ കുട്ടനാട്ടിലെ കാർഷിക മേഖലക്കുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും പുനരുജ്ജീവനത്തിനായുള്ള നടപടികൾ സംബന്ധിച്ച് ചർച്ച നടത്തുന്നതിനുമായി 17-10-2018-ൽ സമിതി കുട്ടനാട് സന്ദർശിച്ചത്. പ്രസ്തുത സന്ദർശനത്തിന്റെയും മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ വച്ച് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

4. കേരളത്തിൽ സമീപകാലത്തുണ്ടായ പ്രളയം നിമിത്തം കുട്ടനാട് മേഖലയിൽ മുഖ്യമായും നെൽകൃഷിക്കാണ് നാശം സംഭവിച്ചിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ഏകദേശം 20912 ഹെക്ടർ നെൽകൃഷി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്. 'കുട്ടനാട് മേഖലയിൽ കൃഷിവകുപ്പിന്റെ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടി എന്ന പദ്ധതിയുടെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും കുട്ടനാട് മേഖല ഉൾപ്പെടുന്ന ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 871.96 ലക്ഷം രൂപ അനുവദിച്ചതിൽ 868 ലക്ഷം രൂപ 19031 കർഷകർക്ക് വിതരണം ചെയ്യുകയും കൂടാതെ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (SDRF) വിഹിതമായി ലഭിച്ച 3190.989 ലക്ഷം രൂപയിൽ 2564.796 ലക്ഷം രൂപ 77255 കർഷകർക്ക്

നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ നിന്നും അർഹതപ്പെട്ട കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. കുട്ടനാട്ടിലെ കരക്കൃഷി നിലനിൽക്കുന്നത് നെൽകൃഷിയെ ആശ്രയിച്ചായതിനാൽ കൃഷിയുടെ പ്രതാപം തിരികെ കൊണ്ടുവരാൻ നെൽകൃഷിയുടെ വീണ്ടെടുപ്പ് അത്യന്താപേക്ഷിതമാണ്. പ്രളയത്തിൽ നെൽകൃഷിയുടെ രണ്ടാംവിള നഷ്ടമായതിനാൽ പുഞ്ചകൃഷിക്ക് കൂടുതൽ പ്രദേശം കണ്ടെത്തി സാധാരണ ചെയ്യുന്നതിനേക്കാൾ നേരത്തെ കൃഷി ചെയ്യുവാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിരുന്നു. പുഞ്ചകൃഷി കർഷകർക്ക് ഓരോ ഹെക്ടറിനും 125 കിലോ നെൽവിത്ത് വീതം സൗജന്യമായി നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിത്ത് വിതരണം കൈകാര്യം ചെയ്യുന്ന ഗവൺമെന്റ് ഏജൻസിയായ KSSDA (Kerala State Seed Development Authority)യുമായി വ്യവസ്ഥ ചെയ്തിരുന്നുവെന്നും കുട്ടനാടിന്റെ പ്രത്യേക പരിതഃസ്ഥിതിക്ക് ഇണങ്ങുന്ന നെൽവിത്തായ 'ഉമ' എന്നയിനത്തിന്റെ ലഭ്യതയിൽ ക്ഷാമം ഉണ്ടായതിനാൽ വിത്ത് വിതരണത്തിൽ കാലതാമസം ഉണ്ടായി എന്നും സമിതി കുട്ടനാട് സന്ദർശനത്തിലൂടെ കണ്ടെത്തി. കുട്ടനാട്ടിലെ രണ്ടാംകൃഷി പാടെ തകർന്നത് പ്രതിസന്ധിയായെന്നു നിരീക്ഷിച്ച സമിതി പാലക്കാട്, ചിറ്റൂർ മേഖലകളിലെ കർഷകരുടെ കൈവശം 'ഉമ' നെൽവിത്ത് ഉണ്ടെന്ന് മനസ്സിലാക്കി. പാലക്കാട് നിന്നും വിത്ത് സംഭരിച്ച് ആവശ്യമായ സംസ്കരണം നടത്തി കുട്ടനാടൻ കർഷകർക്ക് പുഞ്ചകൃഷിക്കായി വിതരണം ചെയ്യാവുന്നതാണെന്നും ഒരുക്കങ്ങൾ നേരത്തെ ആരംഭിച്ചതിനാൽ പുഞ്ചകൃഷിയുടെ സമയം വൈകുന്ന പ്രശ്നം ഇല്ലായെന്നും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ ബോധ്യപ്പെടുത്തി. ആയതിനാൽ ജില്ലാ ഭരണകൂടം കൃഷിവകുപ്പുമായി ചേർന്ന് കുട്ടനാടിനാവശ്യമായ 'ഉമ' നെൽവിത്ത് സംഭരിച്ച് ആവശ്യമായ സംസ്കരണം നടത്തി കഴിവതും വേഗത്തിൽ വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. 28-9-2018-ലെ സ.ഉ.(സാ) നമ്പർ 976/2018/കൃഷി പ്രകാരം, കൃഷിനാശം സംഭവിച്ച കർഷകർ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ കൃഷിനാശം സംഭവിച്ച് 10 ദിവസത്തിനകം സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രളയംമൂലം ഉണ്ടായ അസാധാരണ സാഹചര്യവും കർഷകർക്കുണ്ടായ അസൗകര്യങ്ങളും കണക്കിലെടുത്ത് അപേക്ഷ സമർപ്പിക്കാനുള്ള തീയതി 2018 ഒക്ടോബർ 6 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ഇതനുസരിച്ച് നാളിതുവരെ 2,14,000-ത്തോളം അപേക്ഷകൾ ലഭിക്കുകയും 19,000-ൽ പരം അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അവശേഷിക്കുന്ന അപേക്ഷകളിന്മേൽ അടിയന്തര തുടർനടപടി സ്വീകരിച്ച് പരിഹാരം കാണണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിന് SDRF-ന്റെ 20% വിഹിതമായി അനുവദിച്ച 1.42 കോടി രൂപ പൂർണ്ണമായും വിതരണം ചെയ്തതായി സമിതിയ്ക്ക് ബോധ്യപ്പെട്ടു. പുറംബണ്ട് ബലപ്പെടുത്തുന്നതിനുള്ള നടപടികളും കായലുകളും നെൽവയലുകളും തമ്മിൽ വേർതിരിക്കുന്ന സ്ഥലത്തെ ബണ്ടിന്റെ ഉയരം കൂട്ടുന്നതിനുള്ള നടപടികളും അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ജലനിർഗ്ഗമനത്തിന് ഉപയോഗിക്കുന്ന പമ്പ് സെറ്റുകൾക്ക് പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചതായും പ്രസ്തുത പമ്പ് സെറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ പാടശേഖര സമിതികളുടെ സഹായത്തോടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക കൃത്യമായി കണക്കാക്കി വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. പാടശേഖര സമിതികളുടെ അധീനതയിലുള്ള മോട്ടോർ തറകൾ നന്നാക്കുന്നതിന് SDRF-ൽ നിന്ന് തുക ലഭ്യമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രവർത്തി ഏറ്റെടുത്ത് പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. പ്രളയംമൂലം 10830 ഹെക്ടറിലെ വാഴകൃഷിക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും എന്നാൽ ആയതിനുള്ള നഷ്ടപരിഹാരത്തുക ഭാഗികമായി മാത്രമേ വിതരണം ചെയ്തിട്ടുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. ബാക്കി തുക കൂടി അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. മത്സ്യകൃഷിയിൽ സംസ്ഥാനത്ത് ആകെ 13781.24 ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഇതിൽ 22.67 കോടി രൂപ ആലപ്പുഴ ജില്ലയിലും 8.6 കോടി രൂപ കോട്ടയം ജില്ലയിലുമാണ്. എന്നാൽ നാളിതുവരെ ആയതിനുള്ള നഷ്ടപരിഹാരം നൽകിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. മത്സ്യകൃഷിയിൽ ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനുള്ള തുക അടിയന്തരമായി വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. താറാവ് കൃഷിയിലുണ്ടായ നഷ്ടം 4,42,746 എണ്ണമാണെന്നും എന്നാൽ നാളിതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. താറാവ് കർഷകർക്ക് നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. താറാവ് കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് സാങ്കേതിക തടസ്സമുണ്ടെന്നും മൃഗസംരക്ഷണവകുപ്പ് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ താറാവ് കൃഷിക്ക് ഇൻഷ്വറൻസ് നൽകുന്നതിനായി 20 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയെങ്കിലും ഇൻഷ്വറൻസ് കമ്പനികൾ ആരും മുന്നോട്ടുവരാത്തതിനാൽ ഫലം കണ്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ താറാവ് കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. പ്രളയത്തിൽ അകപ്പെട്ട് ജീവനാശം സംഭവിച്ച പശുക്കളുടെയും മറ്റും എണ്ണം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പശുക്കൾ | പശുക്കുട്ടികൾ | കിടാരികൾ | എരുമ | ആട് | മുട്ടക്കോഴി | താറാവ് |
|---|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 472 | 3502 | 146 | 32 | 2994 | 123163 | 367629 |
| 2 | കോട്ടയം | 267 | 233 | 35 | 4 | 93 | 9270 | 5000 |
| 3 | പത്തനംതിട്ട | 606 | 357 | 229 | 7 | 75 | 5868 | 80 |

മേൽപ്പറഞ്ഞപ്രകാരം ജീവനാശം സംഭവിച്ച ഉരുക്കളുടെ ഉടമകൾക്ക് ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ലാത്തതിനാൽ അർഹതപ്പെട്ട നഷ്ടപരിഹാരത്തുക ഉടമകൾക്ക് അടിയന്തരമായി വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. കുട്ടനാട്ടിലെ 12 പഞ്ചായത്തുകളിൽ മാത്രമായി 67 കറവപ്പശുക്കൾ, 51 കിടാരികൾ, 84 കന്നുകുട്ടികൾ എന്നിവയ്ക്ക് ജീവനാശവും 18 ഹെക്ടറിലെ തീറ്റപ്പുൽകൃഷിയും 704 ടൺ കച്ചിയും നഷ്ടമായിട്ടുണ്ട്. കൂടാതെ 131 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 451 കാലിത്തൊഴുത്തുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. തീറ്റപ്പുൽകൃഷി നശിച്ച 180 കർഷകർക്ക് 6 ഹെക്ടറിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനായി നടീൽവസ്തുക്കൾ വിതരണം ചെയ്തു വരുന്നുവെന്നും കൂടാതെ റീഹാബിലിറ്റേഷൻ പദ്ധതിയുടെ നടപടികൾ പുരോഗമിച്ചുവരികയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അർഹതപ്പെട്ട നഷ്ടപരിഹാരത്തുക ഉടമകൾക്ക് അടിയന്തരമായി വിതരണം ചെയ്യുന്നതിനും പൂർണ്ണമായും ഭാഗികമായും തകർന്ന കാലിത്തൊഴുത്തുകൾ പുതുക്കുന്നതിനായി അടിയന്തരസഹായം നൽകുവാനും കൂടുതൽ സ്ഥലത്ത് തീറ്റപ്പുൽകൃഷി തുടങ്ങുവാൻ സഹായം നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.

16. 22-3-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 37/2017/കൃഷി പ്രകാരം നടപ്പിലാക്കിയ പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 45 ദിവസം വരെയുള്ള നെൽച്ചെടികൾക്ക് ഒരു ഹെക്ടറിന് 15,000 രൂപ നിരക്കിലും 45 ദിവസത്തിൽ കൂടുതൽ പ്രായമുള്ളവയ്ക്ക് ഒരു ഹെക്ടറിന് 35,000 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. ഒരു ഹെക്ടറിലെ കൃഷി നഷ്ടമാകുമ്പോൾ കർഷകന് ഏകദേശം 1.5 ലക്ഷത്തോളം രൂപയുടെ നഷ്ടമാണുണ്ടാകുകയെന്ന് സമിതി വിലയിരുത്തുന്നു. വിള ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ ഭൂരിഭാഗവും പ്രീമിയം അടയ്ക്കാത്തതിനാൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടാത്ത അവസ്ഥയിലായിരുന്നുവെന്നും പ്രീമിയവും പദ്ധതിയും സംബന്ധിച്ച വ്യക്തതക്കുറവ്, സങ്കീർണ്ണതകൾ എന്നിവയാണ് ഇതിലേക്ക് നയിച്ചതെന്നും സമിതി വിലയിരുത്തി. ഒറ്റത്തവണ പ്രീമിയം അടച്ച് മുഴുവൻ കാർഷിക വിളകൾക്കും പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന രീതിയിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണമെന്നും കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് തുല്യമായ തുക നഷ്ടപരിഹാരം ലഭിക്കുന്ന തരത്തിൽ ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. കുട്ടനാട് മേഖല ഉൾപ്പെടുന്ന ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 10712 കർഷകർ മാത്രമേ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളൂ. ഇതിൽ 4072 കർഷകർ നഷ്ടപരിഹാരത്തിനായി അപേക്ഷിച്ചതിൽ 955 കർഷകർക്ക് 5074.4 ലക്ഷം രൂപ 14-11-2018 വരെ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇനിയും നഷ്ടപരിഹാരം ലഭിക്കുവാനുള്ള എല്ലാ കർഷകർക്കും ആയത് സമയബന്ധിതമായി വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. കാർഷിക വിളകൾ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകരിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് 20-5-2015-ലെ G.O.(Ms.)No. 194/2015/DMD, 20-9-2015-ലെ G.O.(Ms.) No.182/2015/കൃഷി എന്നിവ പ്രകാരം വിളനാശത്തിന് ആനുകൂല്യം നൽകിവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കാർഷികവിളകൾ ഇൻഷ്വർ ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കണമെന്നും ഇൻഷ്വർ ചെയ്യാത്ത കർഷകരിൽ അർഹതപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. പ്രളയാനന്തരം കുട്ടനാട്ടിലെ കൃഷിരീതിയിൽ മാറ്റം വരുത്തിയതിനനുസരിച്ച് കാർഷിക കലണ്ടറിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കാർഷിക കലണ്ടറിൽ വരുന്ന മാറ്റങ്ങൾ കൃഷിക്കാരെ അറിയിക്കുവാനും ആയത് പിൻതുടരുവാൻ അവർക്ക് പ്രേരണ നൽകേണ്ടതുമാണ്. ആയതിനാൽ കൃഷിരീതിയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് കാർഷിക കലണ്ടറിൽ മാറ്റം വരുത്തുവാനും കർഷക സമിതികൾ വഴി പ്രസ്തുത മാറ്റങ്ങളെക്കുറിച്ച് കർഷകരെ അറിയിച്ച് ആയത് പിന്തുടരുവാൻ ബോധവൽക്കരണം നടത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.

20. കുട്ടനാട് താലൂക്കിൽ ചമ്പക്കുളം, എടത്വ, കൈനകരി, കാവാലം, മുട്ടാർ, നെടുമുടി, നീലംപേരൂർ, പുളിങ്കുന്ന്, രാമങ്കരി, തകഴി, തലവടി, വെളിയനാട് എന്നീ 12 പഞ്ചായത്തുകളാണുള്ളത്. ഇവയിൽ പ്രളയാനന്തരം തലവടി, കാവാലം, മുട്ടാർ എന്നിവ ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലും കുടിവെള്ള വിതരണം സാധാരണ നിലയിൽ ആയിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. നിലവിലുള്ള ആർ.ഒ. (റിവേഴ്സ് ഓസ്മോസിസ്) പ്ലാന്റുകളുടെ വൈദ്യുതീകരണം പൂർത്തിയാകാത്തതും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസവും തനത് ഫണ്ടിന്റെ അപര്യാപ്തതയുമാണ് തലവടി, കാവാലം, മുട്ടാർ എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളവിതരണത്തെ പ്രതികൂലമായി ബാധിച്ചതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽപ്പറഞ്ഞ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രസ്തുത പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. കുട്ടനാട്ടിലെ കുഴൽക്കിണർ പദ്ധതികളുടെയും ജലശുദ്ധീകരണശാലയുടെയും പ്രവർത്തനങ്ങളെ വെള്ളപ്പൊക്കം സാരമായി ബാധിച്ചുവെങ്കിലും കാലതാമസമില്ലാതെ അവയെല്ലാം പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രളയസമയത്തും പ്രളയാനന്തരവും ദുരിതബാധിതർക്ക് കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തിയിട്ടുണ്ട്. മാത്രമല്ല പ്രളയക്കെടുതിക്ക് ശേഷം ജലജന്യ രോഗങ്ങളും പകർച്ചവ്യാധികളും പൊട്ടിപ്പുറപ്പെട്ടിട്ടില്ല എന്ന വസ്തുത വളരെ ഹ്രസ്വമായ സമയത്തിൽ കുറ്റമറ്റ രീതിയിൽ ഈ അവസ്ഥ കൈകാര്യം ചെയ്തതിന്റെ പ്രത്യക്ഷമായ തെളിവാണെന്നും സമിതി നിരീക്ഷിക്കുന്നു. ഇക്കാര്യത്തിൽ വിവിധ വകുപ്പുകൾ സംയോജിതമായി ചെയ്ത പ്രവർത്തനങ്ങളെ സമിതി അഭിനന്ദിക്കുന്നു. തുടർന്നും കുട്ടനാട്ടിലെ ജലത്തിന്റെ ഗുണനിലവാര പരിശോധനയും തുടർനടപടികളും ഒത്തൊരുമിച്ച പ്രവർത്തനത്തിലൂടെ കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കുട്ടനാടിനും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള 241 കോടി രൂപയുടെ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ഏകദേശം 3 വർഷം വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാലയളവിൽ കുട്ടനാട് മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള ഇടക്കാല സംവിധാനമായി എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതിയിൽപ്പെടുത്തി ആവശ്യമായ സ്ഥലങ്ങളിൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. കുട്ടനാട് പാക്കേജിൽ കെ.ഇ.എൽ-1, കെ.ഇ.എൽ-2, കെ.ഇ.എൽ-3, കെ.ഇ.എൽ-4, കുട്ടനാട് താലൂക്ക്, തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ, തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും നവീകരണ പ്രവർത്തനങ്ങൾ,

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ എന്നിവയാണ് ഉണ്ടായിരുന്നത്. വെള്ളപ്പൊക്കത്തെത്തുടർന്ന് കുട്ടനാടിനുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി 24-9-2018-ൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗങ്ങളെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾക്കൊള്ളിച്ച് ഏകദിന സെമിനാർ നടത്തുകയും പ്രസ്തുത സെമിനാറിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ അടിസ്ഥാനമാക്കി വെള്ളപ്പൊക്ക നിവാരണത്തിനായും കർഷകരുടെ ദുരിതങ്ങൾ അകറ്റുന്നതിനായും താഴെപ്പറയുന്ന പ്രവൃത്തികൾ ജലസേചന വകുപ്പുവഴി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

1. എ.സി. കനാലിന്റെ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം.

2. തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും നവീകരണം.

3. കുട്ടനാട്ടിലെയും അപ്പർകുട്ടനാട്ടിലെയും 420 കി.മീ. ചാനലുകളും തോടുകളും നവീകരിച്ച് ജലനിർഗ്ഗമനം സുഗമമാക്കൽ.

4. കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ ജല നിർഗ്ഗമനത്തിനും ജലഗതാഗതത്തിനും തടസ്സമായി നിലകൊള്ളുന്ന പാലങ്ങളുടെയും അനുബന്ധ നിർമ്മിതികളുടെയും നവീകരണം

24. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ 4 പദ്ധതികളും നവകേരള നിർമ്മിതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതാണെന്നും കുട്ടനാട് പാക്കേജിന്റെ അടുത്ത ഘട്ടം നവകേരള നിർമ്മിതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. <u>ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

25. കുട്ടനാടിന്റെ വരുമാനത്തിൽ ഗണ്യമായ പങ്കുവഹിക്കുന്നതോടൊപ്പം നമ്മുടെ വിദേശനാണ്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിലും വിനോദസഞ്ചാരമേഖല പ്രധാന പങ്കു വഹിക്കുന്നു. ഹൗസ്ബോട്ട് ടൂറിസം കുട്ടനാടിന്റെ ജലവഴികളെ വിനോദസഞ്ചാരികൾക്കു മുമ്പിൽ തുറന്നിട്ടു. കാന്തിക ശക്തിയാലെന്ന പോലെ വിനോദസഞ്ചാരികൾ കുട്ടനാടിന്റെ വശ്യതയിലേയ്ക്ക് ആകർഷിക്കപ്പെട്ടു. പ്രളയത്തിന്റെ ആഘാതം കുട്ടനാടിന്റെ വിനോദ സഞ്ചാര മേഖലയെയും സാരമായി ബാധിച്ചു. പ്രളയാനന്തര പുനർനിർമ്മാണത്തിൽ വിനോദസഞ്ചാരമേഖലയുടെ പുനരുജ്ജീവനത്തിന് നമുക്ക് മാതൃകയാക്കാവുന്നതാണ് ഉത്തരവാദ ടൂറിസം എന്ന പുതിയ കാഴ്ചപ്പാട്. പ്രകൃതിയെ പ്രധാന ആകർഷണകേന്ദ്രമാക്കി വിനോദസഞ്ചാരികളെ ആകർഷിക്കുക എന്നതാണ് ഉത്തരവാദ ടൂറിസം. ഭൂവിനിയോഗത്തിൽ മാറ്റം വരുത്താതെ പരിസ്ഥിതിയോട് ഇണങ്ങിനിൽക്കുന്ന, വൻമുതൽമുടക്കില്ലാത്ത ചെറിയ കമ്മ്യൂണിറ്റി ടൂറിസം സംരംഭങ്ങളാണ് പ്രസ്തുത രീതിയിൽ ഉള്ളത്. വിനോദസഞ്ചാരികൾക്ക് ആവശ്യമായ താമസവും ഭക്ഷണസൗകര്യവും വീടുകളിൽത്തന്നെ ഒരുക്കുന്നതിനാൽ

കുട്ടനാടിന്റെ കർഷക ജീവിതത്തിന്റെയും ജലജീവിതത്തിന്റെയും തുടിപ്പുകൾ നേരിട്ടറിയാൻ ഈ രീതിവഴി സാധ്യമാകും. ആയതിനാൽ പ്രളയത്തിൽ തകർന്ന കുട്ടനാടിന്റെ വിനോദ സഞ്ചാരമേഖലയുടെ പുനർനിർമ്മാണത്തിൽ പ്രകൃതിയോടിണങ്ങി നിൽക്കുന്ന ഉത്തരവാദ ടൂറിസം രീതിയുടെ സാധ്യതകൾ പരിശോധിക്കുവാനും ആവശ്യമായ പ്രോത്സാഹനം നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.

26. വികസനത്തിന്റെ അനന്തമായ സാധ്യതകളായിരുന്നു വിനോദസഞ്ചാരമേഖല കുട്ടനാട്ടിൽ തുറന്നിട്ടത്. വിനോദസഞ്ചാരം വികസനോപാധിയായി മാറിയപ്പോൾ കുട്ടനാടിന്റെ സ്വാഭാവിക പ്രകൃതിയിലും ആവാസ വ്യവസ്ഥയുടെ സന്തുലനത്തിലും മാറ്റങ്ങൾ വന്നു. വിനോദസഞ്ചാരമേഖലയ്ക്ക് പ്രളയമേൽപ്പിച്ച ആഘാതത്തോടൊപ്പം ചേർത്തു വായിക്കേണ്ടതാണ് വിനോദസഞ്ചാരമേഖല പ്രകൃതിക്ക് ഏൽപ്പിച്ച ആഘാതവും. വിനോദസഞ്ചാരമേഖലയുമായി ബന്ധപ്പെട്ട സുരക്ഷ, മലിനീകരണ നിയന്ത്രണം എന്നിവയുടെ കാര്യത്തിൽ ഒരു പുനർവിചിന്തനം ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ചട്ടങ്ങൾ പുതുക്കേണ്ടതും അവയുടെ കൃത്യമായ നടപ്പാക്കൽ ഉറപ്പാക്കേണ്ടതുമാണ്. ആയതിനാൽ പ്രളയത്തിൽ തകർന്ന കുട്ടനാട്ടിലെ വിനോദസഞ്ചാരമേഖലയുടെ പുനർനിർമ്മാണത്തിൽ ഹരിത രീതി കർശനമാക്കണമെന്നും സുരക്ഷ, മലിനീകരണ നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പുതുക്കണമെന്നും പുതുക്കിയ ചട്ടങ്ങളുടെ കൃത്യമായ നടപ്പാക്കൽ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. നമ്മുടെ ആവാസ വ്യവസ്ഥയിൽ സന്തുലനം നിലനിർത്തുന്നതിൽ നെൽകൃഷി മുഖ്യമായ പങ്കുവഹിക്കുന്നുണ്ട്. വെറും കൃഷി എന്നതിലുപ്പുറം ഭൂഗർഭ ജലവിതാനത്തെ കാത്ത് സൂക്ഷിക്കുക, പ്രളയത്തെ അതിജീവിക്കുക എന്നീ ദൗത്യങ്ങളിൽ നെൽവയലുകൾക്ക് കൃത്യമായ പങ്കുണ്ട്. നെൽവയലുകളുടെ വിസ്തൃതി നമ്മുടെ സംസ്ഥാനത്ത് വളരെയധികം കുറഞ്ഞു എന്നത് അത്യന്തം ഗൗരവകരമായ വിഷയമാണ്. നിയമങ്ങളിലൂടെ നെൽവയലുകളെ കാത്ത് രക്ഷിക്കേണ്ട സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ട്. ശാസ്ത്രീയമായ ഒരു വിലയിരുത്ത ലിലൂടെ ഭൂവിനിയോഗം സംബന്ധിച്ച വ്യക്തമായ ഒരു രൂപരേഖ വേണം എന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. പ്രദേശങ്ങളെ നിർമ്മാണം അനുവദനീയമല്ലാത്ത സ്ഥലങ്ങൾ, കൃഷിഭൂമി എന്നിങ്ങനെ തരം തിരിച്ച് രേഖപ്പെടുത്തുകയും അതിനനുസരിച്ചുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഓരോ പ്രദേശത്തെയും ഭൂമിയുടെ സ്വഭാവത്തെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം. ആയതിനാൽ ദുരന്തം ബാധിച്ച പ്രദേശങ്ങളിൽ വിദഗ്ദ്ധരടങ്ങിയ ഒരു സംഘത്തെ പ്രളയാനന്തര പ്രതിഭാസങ്ങളെക്കുറിച്ചും ഭൂമിക്ക് വന്ന മാറ്റങ്ങളെക്കുറിച്ചും പഠിക്കാൻ ചുമതലപ്പെടുത്തുവാനും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഭൂവിനിയോഗനയം രൂപപ്പെടുത്തുവാനും

ഭൂവിനിയോഗനയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഗ്രാമസഭ, കർഷകസമിതികൾ മുതലായവവഴി ജനങ്ങളിലെത്തിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

28. അത്യാഹിതങ്ങളും പ്രകൃതി ദുരന്തങ്ങളും പൂർണ്ണമായി നമുക്ക് ഒഴിവാക്കാനാകില്ല. എന്നാൽ അവയുടെ തീവ്രതയും അനന്തരഫലങ്ങളും ലഘൂകരിക്കാൻ മുൻസംഭവങ്ങളുടെ വിശകലനത്തിലൂടെയും വ്യക്തമായ ആസൂത്രണത്തിലൂടെയും കൃത്യമായ തയ്യാറെടുപ്പിലൂടെയും സാധിക്കും. ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ദുരന്ത സാധ്യതാ മേഖലകളുടെ ഭൂപടം തയ്യാറാക്കി അതിനെ അടിസ്ഥാനമാക്കി ദുരന്തനിവാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കൂടുതൽ ഫലവത്താക്കിത്തീർക്കാവുന്നതാണ്. ദുരന്തസാധ്യതയേറിയ മേഖലകളിൽ പ്രതിസന്ധികളെ നേരിടുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജരാക്കുകയും അവർവഴി ജനങ്ങളെ പ്രാപ്തരാക്കുവാനും സാധിക്കുമെന്നും സമിതി കരുതുന്നു. ആയതിനാൽ പ്രളയത്തിന്റെ വ്യാപ്തി അടിസ്ഥാനമാക്കി ദുരന്ത സാധ്യതാ മേഖലകളുടെ ഭൂപടം തയ്യാറാക്കുവാനും ദുരന്തസാധ്യത കൂടിയ മേഖലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപകരണ സംവിധാനങ്ങൾ നൽകുവാനും പ്രദേശവാസികളുടെ ഒരു സന്നദ്ധസേന രൂപവൽക്കരിച്ച് അവർക്ക് വേണ്ട പരിശീലനം നൽകി സജ്ജരാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

29. 1924-ലെ പ്രളയത്തിന്റെ വളരെ കുറവ് അടയാളങ്ങളും രേഖകളുമേ നമുക്കിന്ന് ലഭ്യമായിട്ടുള്ളൂ. പ്രളയ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി ദുരന്തത്തിന്റെ വ്യാപ്തി കുറയ്ക്കുന്നതിനും ദുരന്തം നേരിടുവാനുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തി ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും പ്രളയം സംബന്ധിച്ച രേഖകൾ അത്യാന്താപേക്ഷിതമാണ്. ദുരന്തസമയത്തെ സുരക്ഷിത ഇടം, അഭയകേന്ദ്രങ്ങൾ, അവശ്യസാധനങ്ങളുടെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ മുൻകാലങ്ങളിലെ പ്രളയം സംബന്ധിച്ച രേഖകളെ അടിസ്ഥാനമാക്കി മുൻകൂട്ടി തയ്യാറാക്കാവുന്നതാണ്. ദുരന്തസാധ്യതയെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി സജ്ജരാക്കുന്നതുവഴി ദുരന്തത്തിന്റെ വ്യാപ്തി കുറയ്ക്കാമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രളയത്തിന്റെ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുവാനും അവയെ അപഗ്രഥിച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുവാനും അതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ ദുരന്തം നേരിടുവാൻ സജ്ജരാക്കുവാനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. സമുദ്രനിരപ്പിന് താഴെയുള്ള പ്രദേശമായ കുട്ടനാട്ടിൽ വെള്ളത്തോടൊപ്പം ജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ജലവിഭവ മാനേജ്മെന്റാണ് ഉണ്ടാകേണ്ടതെന്ന് സമിതി വിലയിരുത്തുന്നു. മൂന്നിലൊരു ഭാഗവും സമുദ്രനിരപ്പിന് താഴെയായ നെതർലാൻഡ്സിലെ -'റൂം ഫോർ റിവർ ' - നദികൾക്ക് ഒരിടം എന്ന രീതിയിലുള്ള സംവിധാനം മാതൃകയാക്കാവുന്നതാണ്. അതിജീവനത്തിനായി

ജലവുമായി പോരാട്ടുകയല്ല ശാന്തമായി സഹവർത്തിക്കുകയാണ് ചെയ്യേണ്ടതെന്ന ആശയമാണ് ഈ രീതി മുന്നോട്ട് വയ്ക്കുന്നത്. പെരുമഴയും പ്രളയവും മൂലമുണ്ടാകുന്ന മുഴുവൻ വെള്ളവും ഉൾക്കൊള്ളാൻ എല്ലാ ജലസ്രോതസ്സുകളെയും സജ്ജമാക്കി നിർത്തുക എന്നതാണ് രീതി. മണ്ണിന്റെ ഗുണം നഷ്ടപ്പെടാതെ മണ്ണിന്റെ ആരോഗ്യം വർദ്ധിപ്പിക്കുകയും ജലവാഹകശേഷി കൂട്ടുകയും ചെയ്യുക എന്നത് ഇതിന്റെ ഭാഗമാണ്. ദുരന്തങ്ങളുണ്ടാകുന്നത് തടയുവാനും ഉണ്ടായാൽത്തന്നെ ആഘാതം വളരെ കുറയ്ക്കുവാനും ഇതുപകരിക്കും. നദികൾക്ക് ഒഴുകുവാൻ ആവശ്യമായ സ്ഥലം നൽകുകവഴി പ്രളയത്തിന്റെ കാഠിന്യം കുറയ്ക്കുവാൻ സാധിക്കും. ആയതിനാൽ ദുരന്ത ബാധിതമായ പ്രദേശങ്ങളിലെ ചിറകൾ, കനാലുകൾ, ഓടകൾ, അണകൾ എന്നിവയുടെ അവസ്ഥ കൃത്യമായ ഇടവേളകളിൽ വിലയിരുത്തുവാനും ജലത്തിന്റെ സ്വാഭാവികമായ ഒഴുക്ക് തടയുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരാനും സമിതി ശിപാർശ ചെയ്യുന്നു.

31. ജലത്തിന്റെ സ്വാഭാവികമായ ഒഴുക്ക് സംരക്ഷിക്കുന്നതിനോടൊപ്പംതന്നെ പ്രാധാന്യമർഹിക്കുന്നതാണ് മണ്ണിന്റെ സംരക്ഷണവും. മണ്ണിന്റെ ഗുണം നഷ്ടപ്പെടാതെ നോക്കുവാനും ആരോഗ്യം നിലനിർത്തുവാനും സാധിക്കണം. പ്രളയത്തിൽ ജലത്തിന്റെ ഒഴുക്കിൽ രാസവസ്തുക്കളടങ്ങിയ മണ്ണ് നീക്കം ചെയ്ത് പുതിയ മണ്ണ് പല സ്ഥലങ്ങളിലും നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത മണ്ണിനെ ആരോഗ്യകരമായി നിലനിർത്തുന്ന തരത്തിലുള്ള ജൈവ കൃഷി രീതി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കുട്ടനാട്ടിൽ മണ്ണിന്റെ ആരോഗ്യം എന്നേക്കും നിലനിർത്തുന്ന തരത്തിൽ ഒരു ദീർഘകാല വിള പദ്ധതിയും ജൈവ കൃഷി രീതിയും ആവിഷ്കരിക്കുവാനും ആയത് കർഷക സമിതികൾ, പാടശേഖര സമിതികൾ എന്നിവ വഴി നടപ്പിലാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

32. മാലിന്യം ശരിയായി സംസ്കരിക്കുന്നതിൽ കേരളത്തിലെ ജനങ്ങൾ കാണിക്കുന്ന അലംഭാവം വളരെ ഗുരുതരമായ ഒരു സാമൂഹ്യവിപത്തായി മാറിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. യാതൊരു തത്വദീക്ഷയുമില്ലാതെ പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത ദിനംതോറും കൂടിവരികയാണ്. പരിഷ്കൃത സമൂഹത്തിന് ഒട്ടും യോജിക്കാത്ത തരത്തിലുള്ള പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപത്തിന്റെ ഭീകരത ഈ പ്രളയകാലം നമുക്ക് കാട്ടിത്തന്നതാണ്. പ്രളയാനന്തരം ഓരോ വീടുകളിലും അടിഞ്ഞു കൂടിയ മാലിന്യം നീക്കംചെയ്യുന്നതിന് നിരവധി ആളുകളുടെ അശ്രാന്ത പരിശ്രമംതന്നെ വേണ്ടിവന്നു. ആയതിനാൽ ശരിയായി സംസ്കരിക്കാതെ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടക്കമുള്ളവ വലിച്ചെറിയുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ദുരന്തമുണ്ടാകുന്നത് തടയുവാനും ദുരന്തമുണ്ടായാൽത്തന്നെ ആഘാതം കുറയ്ക്കുവാനും ജനങ്ങളിൽ അവബോധം വളർത്തുന്നത് സഹായകരമായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രകൃതി ക്ഷോഭങ്ങളെപ്പറ്റി പഠിപ്പിക്കുകയും രക്ഷാ മാർഗ്ഗങ്ങൾ പരിശീലിപ്പിക്കുകയും ചെയ്യുക എന്നത് അനിവാര്യമായി സമിതി കരുതുന്നു. വിദേശ രാജ്യങ്ങളിലെ പല സർവ്വകലാശാലകളിലും ദുരന്ത പ്രതിരോധമെന്നുള്ളത് ഒരു ഗവേഷണവിഷയമാണ്. ക്യോട്ടോ യൂണിവേഴ്സിറ്റിയിലെ ഡിസാസ്റ്റർ പ്രിവൻഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഈ രംഗത്ത് ഒരു പ്രധാന സ്ഥാപനമാണ്. ദുരന്ത പ്രതിരോധം കൂടുതൽ ശക്തമാക്കുന്നതിനും ഈ രംഗത്ത് പ്രൊഫഷണലുകളുടെ അഭാവം പരിഹരിക്കുന്നതിനുമായി ദുരന്ത പ്രതിരോധം പഠനവിഷയമായുള്ള കോഴ്സുകൾ തുടങ്ങുന്നതുവഴി സാധിക്കും. ആയതിനാൽ ദുരന്ത പ്രതിരോധവും മാനേജ്മെന്റും എന്നത് പാഠ്യവിഷയമായി ഉൾപ്പെടുത്തുവാനും മേഖലയിലെ പ്രൊഫഷണലുകളുടെ അഭാവം പരിഹരിക്കുന്നതിനായി വിദേശ സർവ്വകലാശാലകളിൽനിന്നും സഹായവും മാർഗ്ഗ നിർദ്ദേശവും ഉൾക്കൊണ്ട് കോഴ്സുകൾ ആരംഭിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

34. നിനച്ചിരിക്കാതെ അഭിമുഖീകരിക്കേണ്ടിവന്ന മഹാപ്രളയത്തെ ഒരേ മനസ്സോടെ നേരിടുന്നതിൽ പൊതുജനങ്ങളും സർക്കാരും വിജയിക്കുകയുണ്ടായി. കുട്ടനാട്ടിലെ കാർഷിക മേഖലയിലുണ്ടായ നഷ്ടം നികത്തുവാനും സാധാരണ നിലയിലേക്ക് മടങ്ങിയെത്തുവാനും ആവിഷ്കരിച്ച പദ്ധതികൾ യഥാസമയം പൂർത്തിയാക്കേണ്ടതുണ്ട്. പ്രകൃതിദുരന്തങ്ങൾ തടയാനുള്ള ആദ്യപടി പ്രകൃതി സംരക്ഷണം തന്നെയാണെന്നും പ്രകൃതി സന്തുലനത്തിന്റെ ആവശ്യകത അനിവാര്യമാണെന്നും മനസ്സിലാക്കി ഈ പ്രളയത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ഇനിയുമൊരു പ്രകൃതിക്ഷോഭം ഉണ്ടായാൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ എടുത്തുകൊണ്ടും നഷ്ടപ്പെട്ട നമ്മുടെ കാർഷിക സംസ്കൃതി വീണ്ടെടുത്ത് മഹാപ്രളയത്തെ അതിജീവിച്ച് നവകേരളം കെട്ടിപ്പടുക്കുവാനായി എല്ലാ വകുപ്പുകളും ഒത്തൊരുമിച്ച് പ്രവർത്തിക്കും എന്നു സമിതി പ്രത്യാശിക്കുന്നു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2018 ഡിസംബർ 10.

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.